# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 1244** 12-03-2015-ൽ മറുപടിക്ക്

**നെല്ലിന്റെ താങ്ങുവില**

**ചോദ്യം**

ശ്രീ.വി.ചെന്താമരാക്ഷൻ

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച നെല്ലിന്റെ താങ്ങുവില കർഷകന് ഒരുമിച്ച് ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ; | (എ) | ഫണ്ട് ലഭ്യമാകുന്നതിന്റെ കാലതാമസം ആണ് നെല്ലിന്റെ താങ്ങുവില കർഷകന് ഒരുമിച്ച് ലഭിക്കാത്തതിന്റെ കാരണം. എന്നാൽ 2015 ഫെബ്രുവരി 15 വരെ സംഭരിച്ച നെല്ലിന്റെ സംസ്ഥാന സർക്കാറിന്റെ വിഹിതമായ 5.40 രൂപയും കേന്ദ്ര സർക്കാരിന്റെ വിഹിതമായ 13.60 രൂപയും ചേർത്ത് 19 രൂപ വച്ചുള്ള മുഴുവൻ തുകയും നൽകി കഴിഞ്ഞു. |
| (ബി) | നാളിതുവരെ ഒറ്റത്തവണ ലഭിച്ച സംഭരണ വില രണ്ട് തവണയായി ലഭിക്കുമ്പോൾ കർഷകർക്ക് ഉണ്ടാവുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; സംഭരണ വില ഒരുമിച്ച് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഇല്ല. 2015 ഫെബ്രുവരി 15 ന് ശേഷം ലഭിച്ചിട്ടുള്ള PRS ന് (പാഡി റസീറ്റ് ഷീറ്റ്) മാത്രമാണ് നെല്ല് വില നൽകുവാനുള്ളത്. PRS വേരിഫിക്കേഷൻ നടത്തി ആയതിന്റെ വില കർഷകരുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. |
| (സി) | നെല്ലിന്റെ സംഭരണ വില 25 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കാമോ? | (സി) | നെല്ല് വില വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ സർക്കാർ പരിശോധിക്കുക യാണ്. |

Beena

സെക്ഷൻ ഓഫീസർ